പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2549 18.02.2016 ലെ മറുപടിയ്ക്ക്

## വിസ ഓൺ അറൈവൽ പദ്ധതി

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ ഗവൺമെന്റ് വിനോദ സഞ്ചാര മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ; | എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി ഏർപ്പെടുത്തുക വഴി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ? | ബി) | 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'e-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ' സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്. താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സാ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേയ്ക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്. ഓൺലൈൻ വഴി അപേക്ഷ നൽകിയശേഷം ലഭിക്കുന്ന ഇലക്ട്രോണിക് ആതറൈസേഷനുമായി (ETA) കേരളത്തിലേയ്ക്ക് വരാവുന്നതാണ്. തുടർന്ന് വിമാനത്താവളത്തിൽ നടത്തുന്ന ലളിതമായ പരിശോധനകൾക്ക് ശേഷം നൽകുന്ന 30 ദിവസത്തെ കാലാവധിയുള്ള വിസ ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതുമാണ്. e-ടൂറിസ്റ്റ് വിസ അനുവദിച്ചിട്ടുള്ള 113 രാജ്യങ്ങളുടെ പട്ടികയിൽ കേരളത്തിന് വിപണി സാധ്യതയുള്ള ധാരാളം മാർക്കറ്റുകൾ ഉണ്ട്. ഇവിടങ്ങളിൽ പ്രചാരണപരിപാടികൾ ശക്തമാക്കിയും, പുതിയ മാർക്കറ്റുകളിൽ സാന്നിദ്ധ്യം അറിയിച്ചും കേരളടൂറിസം കൂടുതൽ ആൾക്കാരെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണം, വളർച്ചാനിരക്ക് എന്നിവ കൂടുതൽ വിദേശനാണ്യ വരുമാനം നേടുന്നതിന് സഹായിക്കും. ഇത് കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്കാകെ ഉണർവേകും. അനുബന്ധ വ്യവസായങ്ങൾക്കും ജനവിഭാഗങ്ങൾക്കും ഇത് സഹായമാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്